

# ഓത്ത്ഡോക്സ് സഭയിലെ ആരാധനാ ഗീതങ്ങൾ

സമ്പാദകൻ: ജോയിക്കുട്ടി ഡിട്രോയിറ്റ്

ഓത്ത്ഡോക്സ് സഭയിലെ വിശുദ്ധ കുബ്ബാനയിലെ പല ഗീതങ്ങളും ഹിന്ദുക്കളായിരുന്നു രചിച്ചത്.. വിശുദ്ധ കുബ്ബാന ആരംഭിക്കുന്നതിന് മുമ്പുള്ള ‘വെളിവു നിറഞ്ഞോരീശോ’ എന്ന ഗീതം എഴുതിയത് കൊട്ടാരത്തിൽ ശങ്കുണ്ണിയാണ്. ഇദ്ദേഹം ഐതിഹമാല എന്ന കൃതിയിലൂടെ മലയാളികൾക്കെല്ലാം പ്രസിദ്ധനാണ്. കൂടാതെ വിശുദ്ധ കുബ്ബാന മദ്ധ്യേയുള്ള ‘ഭൂവിലശേഷം, പൗലോസ്ശ്ലീഹാ ധന്യൻ ചൊൽകേട്ടെ, അൻപുടയോനേ നിൻ വാതിൽ’ തുടങ്ങിയ ഗീതങ്ങളും അദ്ദേഹം രചിച്ചതാണ്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാത്ഥം വെരെ ഈ സഭയുടെ ആരാധനാ ഗീതങ്ങളെല്ലാം സുറിയാനി ഭാഷയിലുള്ളവയായിരുന്നു. ഇവകളെല്ലാം കാവ്യഭംഗിയോടെ തജ്ജ്മ ചെയ്യപ്പെട്ടത് ബ. സി. പി. ചാണ്ടിയുടെ നേതൃത്വത്തിൽ 1940 മുതലാണ്. എന്നാൽ അതിന് മുമ്പു തന്നെ പുലിക്കോട്ടിൽ വലിയ മെത്രാച്ചന്റെ ആഗ്രഹത്താൽ സുറിയാനി ഗീതങ്ങൾ മലയാളത്തിലേക്ക് മാറ്റാൻ ശ്രമങ്ങൾ തുടങ്ങിയിരുന്നു.

1897ൽ പരിശുദ്ധ പരുമല തിരുമേനിയായിരുന്നു ഈ ഉദ്യമത്തിന് മുൻകൈയെടുത്തത്. അന്ന് കൊച്ചി സന്ദശിച്ച അന്തോക്യാ പാത്രിയർക്കിസ് പരിശുദ്ധ ഇഗ്നാത്തിയോസ് അബ്ദുള്ള ബാവാ രണ്ടാമനിൽ നിന്ന് ഇതിനുള്ള സമ്മതം അദ്ദേഹം വാങ്ങി. അതിപുരാതനമായ അന്തോക്യൻ സുറിയാനി നമസ്ക്കാരത്തിലെ ചില ഭാഗങ്ങൾ തജ്ജ്മ ചെയ്തു ചെറുതാക്കി ആരാധനയ്ക്കു ഉപയോഗിക്കുകയായിരുന്നു ലക്ഷ്യം. പ. മാതാവിനോടും, പരിശുദ്ധന്മാരോടുമുള്ള പ്രാത്ഥന, വിശ്വാസികളായ മരിച്ചവക്ക് വേണ്ടിയുള്ള പ്രാത്ഥന എന്നിവ സുറിയാനി ഭാഷയിലെഴുതി അന്ത്യോക്കൻ ബാവായ്ക്കു സമപ്പിച്ചു. ചെറായി പള്ളിയിലെത്തിയ പ. ബാവാ അതു മുഴുവൻ വായിച്ച ശേഷം മലയാളത്തിൽ പ്രസിദ്ധീകരിക്കാൻ അനുമതി നൽകുകയും ചെയ്തു. മാർ അപ്രേം, മാർ യാക്കോബ്, മാർ ഇസഹാക്ക്, മാർ ബാലായി തുടങ്ങിയ പിതാക്കന്മാരാണ് അന്തോക്യൻ പ്രാത്ഥനാക്രമം തയാറാക്കിയിട്ടുള്ളത്. ഏഴു ദിവസത്തെ പ്രാത്ഥനകൾ അന്തോക്യൻ ക്രമത്തിലുണ്ടെങ്കിലും തിങ്കളാഴ്ചത്തെ പ്രാത്ഥനാക്രമമാണ് തജ്ജ്മയ്ക്കു കൂടുതലായി ഉപയോഗിച്ചത്. ഗീതങ്ങളും പ്രാത്ഥനാ ഭാഗങ്ങളും തയ്യാറാക്കാൻ പ. പരുമല തിരുമേനി കണ്ടെത്തിയതാകട്ടെ മലയാളത്തിൽ അറിയപ്പെടുന്ന ഭാഷാനിപുണരായ വള്ളത്തോൾ, കൊട്ടാരത്തിൽ ശങ്കുണ്ണി, കണ്ടത്തിൽ വഗ്ഗീസ് മാപ്പിള എന്നിവരെയായിരുന്നു.

അന്ത്യോക്യൻ ആരാധനക്രമത്തിന്റെ പദാനുപദ തജ്ജ്മയാണ് നടന്നത്. പക്ഷേ അതിന്റെ ഈണത്തിനോ അത്ഥത്തിനോ ഒരു കോട്ടവും തട്ടിയിട്ടില്ല. കൂടാതെ കാവ്യഭംഗി നിറഞ്ഞുതുളുമ്പുന്നതായിരുന്നു ഗീതങ്ങൾ. തജ്ജ്മയ്ക്കായി സുറിയാനിഗീതങ്ങളുടെ അത്ഥം പറഞ്ഞു കൊടുത്തു സഹായിച്ചത് മല്പാനായിരുന്ന മാർ ദീവന്യാസോസായിരുന്നു. എന്നാൽ പുസ്തകം പുറത്തു വരും മുമ്പേ പരിശുദ്ധ പരുമല തിരുമേനി കാലം ചെയ്തു.

1910ൽ കോനാട്ടെ അബ്രഹാം മല്പാനാണ് പാമ്പാക്കട നമസ്ക്കാരം എന്നറിയപ്പെടുന്ന മലയാളത്തിലെ ആദ്യ ആരാധനാ ഗീതങ്ങൾ പുറത്തിറക്കിയതെന്നാണ് ചരിതം.